# ചോറോട് ഗ്രാമപഞ്ചായത്ത് കാര്യാലയം

പി.ഒ മുട്ടുങ്ങൽ വെസ്റ്റ്, കോഴിക്കോട് - 673106

സെക്രട്ടറി
ചോറോട് ഗ്രാമപഞ്ചായത്ത്

ഫോൺ:0496-2512501
*email-Chorodegp@gmail.com*

---

എ3/10153(2)/2023 തീയ്യതി : 10/01/2024

സ്വീകർത്താവ്,

പി പി ലീല

ശോഭാലയം

ബീച്ച് പോസ്റ്റ് - വടകര

സർ,

വിഷയം : നവകേരള സദസ്സ് 2023 മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന : 24.11.2023 തീയ്യതിയിലെ 675 നമ്പർ നിവേദനം.

താങ്കൾ സൂചന പ്രകാരം നവകേരള സദസിൽ സമർപ്പിച്ച നിവേദനം 27/12/2023 ന് കോഴിക്കോട് വച്ച് നടന്ന ജില്ലാ സ്ഥിരം അദാലത്ത് സമിതി പരിഗണിക്കുകയുണ്ടായി. സമിതിയുടെ നിർദ്ദേശ പ്രകാരമുള്ള മറുപടി താഴെ പറയും പ്രകാരം അറിയിക്കുന്നു.

ചോറോട് ഗ്രാമപഞ്ചായത്തിലെ പതിനാറാം വാർഡിൽ പെരുവാട്ടുംതാഴ ജംങ്ഷനിൽ നിലവിലുണ്ടായിരുന്നതും ലീല, ശോഭ, സുനിൽകുമാർ, ഷീബ, ഷാജി, സുധീർ എന്നിവരുടെ പേരിലുള്ളതും നിലവില് അസസ്മെന്റ് രജിസ്റ്റർ പ്രകാരം 52.09 ച.മീ വിസ്തീർണ്ണമുണ്ടായിരുന്നതും ഒറ്റ നിലയുണ്ടായിരുന്നതുമായ ഓടിട്ട കെട്ടിടം പഞ്ചായത്തിന്റെ യാതൊരു അനുമതിയും കൂടാതെ പില്ലറുകൾ നിർമ്മിച്ച് രണ്ട് നില കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം നടക്കുമ്പോള് പഞ്ചായത്ത് നോട്ടീസ് നൽകി പ്രവൃത്തി തടയുകയാണുണ്ടായത്. തുടർന്ന് എൽ.എസ്.ജി.ഡി ഓവർസിയർ സൈറ്റ് പരിശോധിക്കുകയു KPBR ചട്ടം 90 പ്രകാരം നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് പ്രാരംഭ നോട്ടീസ് നൽകാമെന്നു ശുപാർശ ചെയ്യുകയുണ്ടായി. ആയതു പ്രകാരം 15/11/2023ന് അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് 8988(1)/2023 നമ്പര് പ്രകാരം നോട്ടീസ് നൽകുകയുണ്ടായി.

മേൽ നോട്ടീസിന് 29/11/2023ന് താങ്കൾ മുതൽ പേർ സമർപ്പിച്ച മറുപടിയിൽ അറിവില്ലായ്മ കൊണ്ടാണ് അനുമതി വാങ്ങാതെ കെട്ടിട നിർമ്മാണം തുടങ്ങിയതെന്നും ക്രമവത്കരിക്കുന്നിതനുള്ള അപേക്ഷ ഉടൻ സമർപ്പിക്കുമെന്നും ബോധിപ്പിച്ചിരുന്നു. എന്നാൽ നാളിതുവരെ ക്രമവത്കരണത്തിനുള്ള അപേക്ഷ

ഓഫീസിൽ ലഭ്യമായിട്ടില്ല. മാത്രമല്ല നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടം 23(1),4(2) പാലിക്കാതെയാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തില് പ്രസ്തുത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് 20/12/2023 തീയ്യതി പ്രാഥമിക ഉത്തരവ് നൽകിയിട്ടുണ്ട്. 27/01/2024 ന് മുമ്പായി താങ്കൾ KPBR പാലിച്ച് കൊണ്ട് അപേക്ഷ സമർപ്പിക്കുകയാണെങ്കില് പരിഗണിക്കുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

ചോറോട് ഗ്രാമപഞ്ചായത്ത്

ANEESH KUMAR T.P
Assistant Secretary
In Full Additional Charge of Secretary
Chorode Grama Panchayat